
# പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ/വൃക്ഷങ്ങൾ

## തെരഞ്ഞെടുക്കൽ, പ്രഖ്യാപനം, പരിപാലനം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ



**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**



ഈയ്യം ഭരണിത്തുരുത്ത് ആലക്കോട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല
പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം

# പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ/വൃക്ഷങ്ങൾ
(Local Biodiversity Heritage Sites/ Trees - LBHS)

## തെരഞ്ഞെടുക്കൽ, പ്രഖ്യാപനം, പരിപാലനം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ


കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
കൈലാസം, റ്റി.സി. 4/1679–(1), നം. 43, ബെൽഹെവൻ ഗാർഡൻസ്,
കവടിയാർ പി.ഒ., തിരുവനന്തപുരം – 695 003
ഇ–മെയിൽ – keralabiodiversity@gmail.com
വെബ്സൈറ്റ് – www.keralabiodiversity.org
ഫോൺ: 0471– 2724740

**പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ/വൃക്ഷങ്ങൾ**
(Local Biodiversity Heritage Sites/ Trees - LBHS)
**തെരഞ്ഞെടുക്കൽ, പ്രഖ്യാപനം, പരിപാലനം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**


തയ്യാറാക്കിയത് : ഡോ. വി. ബാലകൃഷ്ണൻ
മെമ്പർ സെക്രട്ടറി, കെ.എസ്.ബി.ബി.
മിത്രാംബിക എൻ.ബി
റിസർച്ച് ഓഫീസർ, കെ.എസ്.ബി.ബി.

ഡിസൈനിംഗ് : ശ്രീ. പ്രവീൺ കെ.പി.
ഗ്രാഫിക് ഡിസൈനർ, കെ.എസ്.ബി.ബി.



നവംബർ 2025
പ്രസിദ്ധീകരണം : **കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
ഇ–മെയിൽ – keralabiodiversity@gmail.com
വെബ്സൈറ്റ് – www.keralabiodiversity.org
ഫോൺ : 0471 – 2724740,

കവർപേജ് : കാനത്തൂർ നെയ്യംകയം, മുളിയാർ, ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം

# ആമുഖം

പ്രാദേശികതലത്തിൽ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കൽ നടപ്പിലാക്കുന്നതിനുമായി ജൈവവൈവിധ്യ നിയമം 2002 വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004 ചട്ടം 22, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 ചട്ടം 20 എന്നിവ പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മേൽനോട്ടത്തിൽ, കേരളത്തിലെ ത്രിതല പഞ്ചായത്തുകളുൾപ്പെടെയുള്ള 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ അഥവാ ബി.എം. സി. കൾ രൂപീകരിച്ചിട്ടുണ്ട്. പ്രാദേശികമായിട്ടുള്ള എല്ലാവിധ ജൈവ -ആവാസവ്യവസ്ഥകളുടെയും പരിപാലനം, കൃഷിചെയ്യുന്നതോ, പോറ്റിവളർത്തുന്നതോ ആയിട്ടുള്ള വിളകൾ, കന്നുകാലിയിനങ്ങൾ, നാടൻ ഇനങ്ങൾ, പാരമ്പര്യ ഇനങ്ങൾ സൂക്ഷ്മജീവികൾ എന്നിവയുടെ സംരക്ഷണം തുടങ്ങിയ ചുമതലകൾ കൂടാതെ, പ്രാദേശിക പരിസ്ഥിതി 'കാവൽസംഘ'ങ്ങളായി വർത്തിക്കുന്നതിനുള്ള അധിക ചുമതലകൂടി സംസ്ഥാന സർക്കാർ ബി.എം.സി. കൾക്ക് നൽകിയിട്ടുണ്ട്. കാലാവസ്ഥാന വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം ജൈവ-ആവാസവ്യവസ്ഥകൾക്ക് ഭീഷണി നേരിട്ടുകൊിരിക്കുന്ന ഈ കാലഘട്ടത്തിൽ, ജൈവവൈവിധ്യ സമ്പന്നമായിട്ടുള്ള പ്രദേശങ്ങളെയും, തനത് ആവാസവ്യവസ്ഥകളെയും പ്രാദേശികതലത്തിൽ തന്നെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടത് അനിവാര്യമാണ്. ഇത്തരത്തിൽ ജൈവസമ്പന്നമായി പ്രദേശങ്ങളെ 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്ര' മായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിന് 03.03.2020 ലെ സ.ഉ.(കൈ)നം.5/2020/പരി. നമ്പർ സർക്കാർ ഉത്തരവിലൂടെ ബി.എം.സി.കൾക്ക് അനുമതി നൽകിയിരിക്കുകയാണ്. ഈയൊരു സാഹചര്യത്തിൽ, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ പ്രഖ്യാപിക്കുന്നതിന് ബി.എം.സി.കൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഈ ലഘുപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഏതൊക്കെ പ്രദേശങ്ങളാവണം പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പരിഗണിക്കേണ്ടതെന്നും, ഇത്തരം പ്രദേശങ്ങ

ളിലെ ജൈവസമ്പന്നത വിലയിരുത്തുന്നതിനും, പരിപാലിക്കുന്നതിനും അവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും വളരെ സമഗ്രമായിട്ട് ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബി.എം.സി. യുടെ മേൽനോട്ടത്തിൽ, ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങളുടെയും, ബോർഡിന്റെ ജില്ലാ കോർഡിനേറ്ററുടെയും സങ്കേതിക സഹായത്തോടെ, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ കണ്ടെത്തി പ്രഖ്യാപിക്കുന്നതിന് ഈ ലഘു പുസ്തകം പ്രയോജനപ്രദമാകുന്നതാണ്.

**ഡോ. എൻ. അനിൽ കുമാർ**
ചെയർമാൻ

| നം. | ഉള്ളടക്കം | പേജ് നം. |
|---|---|---|
| 1 | ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ) | 9 |
| 2 | എന്താണ് ജൈവവൈവിധ്യ പൈതൃക കേന്ദ്ര ങ്ങൾ? | 9 |
| 3 | പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്ര ങ്ങൾ - ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പുത്തൻ ചുവടുവെയ്പ്പ് !! | 11 |
| 4 | പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമാക്കാവുന്ന പ്രദേശങ്ങൾ ഏതെല്ലാം? | 12 |
| 5 | പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങൾ | 14 |
| 6 | പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ അഥവാ വൃക്ഷങ്ങൾ പ്രഖ്യാപിക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ | 14 |
| 7 | പരിപാലനമാർഗ്ഗങ്ങൾ | 17 |

## തെരഞ്ഞെടുക്കൽ, പ്രഖ്യാപനം, പരിപാലനം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവെയ്ക്കൽ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2002 ൽ ഇന്ത്യൻ പാർലമെന്റ് ജൈവവൈവിധ്യ നിയമം പാസാക്കിയത്. ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ അഥവാ ബി.എം.സി. കൾ എന്നിവയാണ് യഥാക്രമം ദേശീയ -സംസ്ഥാന-പ്രാദേശികതലങ്ങളിലെ ജൈവവൈവിധ്യ നിയമത്തിന്റെ കാര്യനിർവ്വഹണ ത്രിതല സംവിധാനങ്ങൾ.

### ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ)

2002 ലെ ജൈവവൈവിധ്യ നിയമം, വകുപ്പ് 41, 2004 ലെ കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ, ചട്ടം 22, 2008 ലെ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, ചട്ടം 20 എന്നിവ പ്രകാരം ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബി.എം.സി. കൾ രൂപീകരിച്ചിട്ടുണ്ട്.

### എന്താണ് ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ?

ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച്, ജൈവവൈവിധ്യ നിയമം, 2002 വകുപ്പ് 37 പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനം (ഔദ്യോഗിക ഗസറ്റിൽ) ചെയ്യുന്ന ജൈവസമ്പന്ന മേഖലകളാണ് ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (BHS). ജൈവവൈവിധ്യ പ്രാധാന്യമുള്ള ഒരു പ്രദേശം ബി.എച്ച്. എസ്സായി പ്രഖ്യാപിക്കണമെങ്കിൽ ചില നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ബി.എച്ച്.എസ്സായി സംരക്ഷിക്കുന്നതിനുള്ള പ്രദേശം കണ്ടെത്തൽ, തദ്ദേശസ്വയംഭരണ സ്ഥാപനം അഥവാ ബി.എം.സി. തലത്തിൽ തീരുമാനമെടുക്കൽ, നിർദ്ദിഷ്ട പ്രദേശത്തിന്റെ ജൈവവൈവിധ്യ പഠനം, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് പ്രൊപ്പോസൽ സമർപ്പിക്കൽ, തദ്ദേശസ്ഥാപനത്തിൽ പൊതുജനങ്ങളുമായി ചർച്ച, ബി.എച്ച്.എസ്. റിപ്പോർട്ട്, രേഖകൾ, പൊതുചർച്ചാ



പന്നിവേലി ചിറ തണ്ണീർത്തടം, മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്,
പത്തനംതിട്ട ജില്ല - പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം

തീരുമാനം എന്നിവ ജൈവവൈവിധ്യ ബോർഡ് വിശകലനം ചെയ്യൽ, സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പണം, കരട് വിജ്ഞാപനം, പൊതു അദാലത്ത്, അന്തിമ വിജ്ഞാപനം, ബി.എച്ച്.എസ്സ്. മാനേജ് മെന്റ് കമ്മിറ്റി രൂപീകരണം, ബി.എച്ച്.എസ്സ്. മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കൽ, തുടങ്ങി നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ ജൈവവൈവിധ്യ നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ളതുപോലെ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ വിജ്ഞാപനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

എന്നാൽ ജൈവ-ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിന് ദിനംപ്രതി ആഘാതം സൃഷ്ടക്കുന്ന കാലാവസ്ഥാ വ്യാതിയാനം പോലുള്ള ആഗോളപ്രതിഭാസങ്ങളുടെ പശ്ചാത്തലത്തിൽ, നമ്മുടെ തനത് ജൈവ വൈവിധ്യത്തെയും, ആവാസവ്യവസ്ഥകളെയും പ്രാദേശികതലത്തിൽ സംരക്ഷിക്കുന്നതിന് അടിയന്തരപ്രാധാന്യം നൽകേണ്ടതുണ്ട്. ഇത്തര മൊരു സാഹചര്യത്തിലാണ് പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ പ്രസക്തി.



അയിലം കടൽകണ്ടം, മുദാക്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല -
പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം

**പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ – ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പുത്തൻ ചുവടുവെയ്പ്പ് !!**

കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണതഫലമായി നാം നേരിട്ടു കൊണ്ടിരിക്കുന്ന പലവിധ പാരിസ്ഥിതിക പ്രശ്നങ്ങളെയും അതിജീവിക്കണമെങ്കിൽ, ഒരോ പ്രദേശത്തിന്റെയും പാരിസ്ഥിതിക സാഹചര്യങ്ങൾക്കനുസൃതമായി ജൈവ-ആവാസവ്യവസ്ഥകളെ സംരക്ഷിക്കപ്പെടേതാണ്. ഇപ്രകാരം പ്രാദേശികമായി ജൈവവൈവിധ്യ പ്രാധാന്യമുള്ളതും ജൈവസമ്പന്നമായിട്ടുള്ളതുമായ പ്രദേശങ്ങൾ, തനത് ആവാസവ്യവസ്ഥകൾ എന്നിവ അടിയന്തര പ്രാധാന്യം നൽകി സംരക്ഷിക്കേണ്ട സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഈയൊരു സാഹചര്യത്തിൽ, തദ്ദേശസ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ബി.എം. സി.കൾക്ക്, പ്രാദേശികതലത്തിൽ ജൈവവൈവിധ്യ സംരക്ഷണ പ്രാധാന്യമുള്ള സ്ഥലങ്ങൾ/ ആവാസവ്യവസ്ഥകളെ 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി' പ്രഖ്യാപിച്ച് സംരക്ഷിക്കാവുന്നതാണ്. ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41 പ്രകാരം, പ്രാദേശികമായിട്ടുള്ള എല്ലാവിധ ജൈവ-ആവാസവ്യവസ്ഥകളുടെയും പരിപാലനം, കൃഷിചെയ്യുന്നതോ/ പോറ്റിവളർത്തുന്നതോ ആയിട്ടുള്ള വിളകൾ/ കന്നുകാലിയിനങ്ങൾ, നാടൻ ഇനങ്ങൾ, പാരമ്പര്യ ഇനങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയുടെ സംരക്ഷണവും സുസ്ഥിരോപയോഗവും ഉറപ്പാക്കുക എന്നത് ബി.എം.സി. യുടെ ചുമതലകളിൽ ഉൾപ്പെടുന്നു. ജൈവവൈവിധ്യ നിയമപ്രകാരമുള്ള ചുമതലകൾ കൂടാതെ, 13.05.2013 ലെ സ.ഉ. (അച്ചടി) നം. 04/13/പരി. നമ്പർ ഉത്തരവ് പ്രകാരം പ്രാദേശികതലത്തിൽ പാരിസ്ഥിതിക ശോഷണം തടയുന്നതിനായി, പരിസ്ഥിതി 'കാവൽ സംഘ'ങ്ങളായി വർത്തിക്കുന്നതിനുള്ള അധിക ചുമതലകൂടി സംസ്ഥാനത്തെ ബി.എം.സി. കൾക്ക് സർക്കാർ നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ ബി.എം.സി.കൾക്ക് അവരുടെ അധികാര പരിധിയിലുൾപ്പെടുന്ന പ്രദേശത്തെ ജൈവവൈവിധ്യ സമ്പന്നമായ മേഖലകൾ/ആവാസവ്യവസ്ഥകൾ, ജൈവവൈവിധ്യ സമ്പന്നമായിട്ടുള്ള വൃക്ഷങ്ങൾ എന്നിവ അതാത് പ്രദേശത്തിന്റെ സംരക്ഷണത്തിന് പര്യാപ്തമാകുംവിധത്തിൽ, അവിടുത്തെ ജനങ്ങളുടെയും തല്പര കക്ഷികളുടെയും നിയമപ്രകാരമുള്ളതും പരമ്പരാഗതമായിട്ടുള്ള ആചാരാനുഷ്ഠാനങ്ങൾക്കും പരമ്പരാഗത സുസ്ഥിരോപയോഗരീതി

കൾക്കും ഭംഗം വരാതെ, 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം' അഥവാ 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങ ളായി' പ്രഖ്യാപിക്കാവുന്നതാണെന്ന് സംസ്ഥാനതല ജൈവവൈവിധ്യ സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനിക്കുകയും, 03.03.2020 ലെ സ.ഉ.(കൈ) നം.5/2020/പരി. നമ്പർ സർക്കാർ ഉത്തരവിലൂടെ, ഇക്കാര്യത്തിൽ ബി. എം.സി. കൾക്ക് അനുമതി നൽകുകയുണ്ടായി.



പന്തളം മുനിസിപ്പാലിറ്റിയിലെ കൊറ്റില്ലം, പത്തനംതിട്ട ജില്ല
പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷം


**പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമാക്കാവുന്ന പ്രദേശങ്ങൾ ഏതെല്ലാം?**

കര, ഉൾനാടൻ ജലാശയങ്ങൾ, തീരപ്രദേശങ്ങൾ, സമുദ്രം തുടങ്ങിയ ജൈവവൈവിധ്യത്താൽ സമ്പന്നമായ അനന്യമായിട്ടുള്ള ആവാസ വ്യവസ്ഥകളെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമാക്കു ന്നതിന് പരിഗണിക്കാവുന്നതാണ്. തനത് ജൈവജാതിയിനങ്ങൾ (സസ്യങ്ങൾ/ ജന്തുക്കൾ), അപൂർവ്വവും, വംശനാശഭീഷണി നേരി ടുന്നതുമായിട്ടുള്ള ജൈവജാതിയിനങ്ങൾ, സ്ഥാനീയ സസ്യ-ജന്തുജാ ലങ്ങൾ, എന്നിവ കാണപ്പെടുന്ന പ്രദേശങ്ങൾ, സ്വാഭാവിക പ്രജനന കേന്ദ്രങ്ങൾ, പ്രാദേശികമായി കാണപ്പെടുന്ന ജൈവവൈവിധ്യ സന്നമാ യിട്ടുള്ളതും, പ്രാധാന്യമുള്ളതുമായിട്ടുള്ള വിവിധതരം ആവാസവ്യവ സ്ഥകൾ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥകൾ, തനത് കാർഷിക ആവാസവ്യവസ്ഥകൾ, തുരുത്തുകൾ, തുടങ്ങിയ പ്രദേശങ്ങൾ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

1. തണ്ണീർത്തടങ്ങൾ, ചതുപ്പുകൾ, കണ്ടലുകൾ
2. കാവുകൾ, സ്വാഭാവിക പച്ചത്തുരുത്തുകൾ, കൊറ്റില്ലങ്ങൾ
3. തനത് വിളയിനങ്ങളുടെ/ വളർത്തു ജീവജാലങ്ങളുടെ വൈവിധ്യമുള്ള കാർഷിക ആവാസവ്യവസ്ഥകൾ/ പ്രദേശങ്ങൾ
4. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിവുള്ള തനത് കാർഷിക വിളകൾ/ ആവാസവ്യവസ്ഥകൾ (കൈപ്പാട്, പൊക്കാളി തുടങ്ങിയവ)
5. സ്ഥാനീയങ്ങളും, വംശനാശഭീഷണി നേരിടുന്നതുമായിട്ടുള്ള സസ്യ-ജന്തു ജാലങ്ങളുടെ അഭയാരണ്യങ്ങൾ, ഇടനാഴികൾ, സാമൂഹിക സംരക്ഷണ കേന്ദ്രങ്ങൾ, നഗര ജൈവവൈവിധ്യ കേന്ദ്രങ്ങൾ, തുടങ്ങിയവ.
6. തവളകൾ, ആമകൾ, ഉൾനാടൻ മത്സ്യങ്ങൾ, തുടങ്ങിയ ജീവജാലങ്ങളുടെ പ്രജനന കേന്ദ്രങ്ങൾ
7. നീരുറവകൾ, ജലഭൃതങ്ങൾ (aquifers)
8. കുന്നുകൾ, പാറക്കെട്ടുകൾ, ലാറ്ററൈറ്റ് കുന്നുകൾ
9. ജല ആവാസവ്യവസ്ഥയിലുൾപ്പെടുന്ന പ്രദേശങ്ങളിലെ ജൈവ സമ്പന്ന മേഖലകൾ
10. അതിവിശിഷ്ടമായ പുഴയോര ജൈവ വൈവിധ്യ സമ്പന്നമേഖലകൾ, തുടങ്ങിയവ. (ഓടകൾ, ആറ്റുവഞ്ചി, കൈത, തുടങ്ങിയവയാൽ സമ്പന്നമായ പ്രദേശങ്ങൾ)
11. ആഹാരത്തിനും, പ്രത്യുൽപ്പാദനത്തിനുമായി ദേശാടന ജീവികൾക്ക് വാസസ്ഥലമായി വർത്തിക്കുന്ന കര/തണ്ണീർത്തട പ്രദേശങ്ങൾ.


കാവ്


കണ്ടൽകാട്


പാറക്കെട്ട്

തദ്ദേശസ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്ന സർക്കാർ ഉടമസ്ഥതയിലും, സ്വകാര്യ ഉടമസ്ഥതയിലുമുള്ള മേൽ പ്രസ്താവിച്ച വിഭാഗങ്ങളിലുള്ള സ്ഥലങ്ങൾ പരിഗണിക്കാവുന്നതാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ളവയ്ക്ക് പ്രസ്തുത ഉടമയിൽ നിന്നുള്ള സമ്മത പത്രവും പൊതുസ്ഥലമോ മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതോ ആണെങ്കിൽ അതത് വകുപ്പുകൾ/ അധികാരികളുടെ സമ്മതപത്രവും അനിവാര്യമാണ്.

**പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങൾ**

വലുതും ചെറുതുമായ നിരവധി സസ്യ-ജന്തുജാലങ്ങൾക്ക് വാസസ്ഥലമൊരുക്കുന്നതിനാൽ ഓരോ വൃക്ഷവും ഓരോ ആവാസവ്യവസ്ഥയായിട്ടാണ് കരുതുന്നത്. ഇത്തരത്തിൽ വൃക്ഷങ്ങളിൽ അധിവസിക്കുന്നതും, ആശ്രയിക്കുന്നതുമായ ജൈവസമ്പന്നത, അതിൽ കാണപ്പെടുന്ന ജീവജാലങ്ങളുടെ സംരക്ഷണ പ്രാധാന്യം, പ്രസ്തുത വൃക്ഷം അതുൾപ്പെടുന്ന ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെ എത്രമാത്രം സ്വാധീനിക്കുന്നു, തുടങ്ങിയ ഘടകങ്ങളെ ആസ്പദമാക്കിക്കൊണ്ട്, ഒരു വൃക്ഷത്തെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിക്കാവുന്നതാണ്. ഒരു വൃക്ഷത്തെ അതിന്റെ കാലപ്പഴക്കം മാത്രം പരിഗണിച്ചുകൊണ്ട് ജൈവവൈവിധ്യ പൈതൃക വൃക്ഷമായി പ്രഖ്യാപിക്കുവാൻ പാടുള്ളതല്ല. ഇപ്രകാരം ഒരു വൃക്ഷത്തെ അതിന്റെ ജൈവവൈവിധ്യ പ്രാധാന്യത്തെ ആധാരമാക്കി ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങമായി സംരക്ഷിക്കപ്പെടുമ്പോൾ, അതിലുൾപ്പെടുന്ന പായലുകൾ, പന്നലുകൾ, ലൈക്കനുകൾ, വള്ളിച്ചെടികൾ, ശലഭങ്ങൾ, ഷഡ്പദങ്ങൾ, പക്ഷികൾ, ഉരഗങ്ങൾ, സസ്തനികൾ തുടങ്ങിയ വിവിധങ്ങളായ ജൈവസമ്പന്നതയും സംരക്ഷിക്കപ്പെടുന്നതാണ്.

**<u>പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ അഥവാ വൃക്ഷങ്ങൾ പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:</u>**

1. പ്രാദേശികതലത്തിൽ ജൈവവൈവിധ്യ പ്രാധാന്യമുള്ളതോ, ജൈവസമ്പന്നമായിട്ടുള്ളതോ ആയിട്ടുള്ള പ്രദേശങ്ങൾ/ വൃക്ഷങ്ങൾ ബി.എം.സി. യുടെ മേൽനോട്ടത്തിൽ കണ്ടെത്തൽ.
2. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാ കോർഡിനേറ്റ

റുടെ മേൽനോട്ടത്തിൽ, ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് (ടി.എസ്.ജി.) അംഗങ്ങളുടെ സഹകരണത്തോടെ നിർദ്ദിഷ്ട പ്രദേശത്തിന്റെ/വൃക്ഷത്തിന്റെ ജൈവവൈവിധ്യ പഠനം നടത്തുക.

3. ടി.എസ്.ജി. മുഖേന ജൈവവൈവിധ്യ പഠനം നടത്തുന്നതിനാവശ്യമായ സാങ്കേതിക പിന്തുണ ബോർഡിന്റെ ജില്ലാ കോർഡിനേറ്റർമാർ മുഖേന ഉറപ്പുവരുത്തേണ്ടതാണ്.


പ്രദേശത്തിന്റെ ജൈവവൈവിധ്യ പ്രാധാന്യം ടി.എസ്.ജി.യുടെ മേൽനോട്ടത്തിലുള്ള വിശകലനം

4. ജൈവവൈവിധ്യ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രദേശത്തിന്റെ/വൃക്ഷത്തിന്റെ ജൈവവൈവിധ്യ പ്രാധാന്യം ടി.എസ്.ജി. യുടെ മേൽനോട്ടത്തിൽ വിശകലനം ചെയ്ത്, ടി.എസ്.ജി. യുടെയും റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെയും ശുപാർശയും, പഠനറിപ്പോർട്ടും സഹിതം, നിർദ്ദിഷ്ട പ്രദേശം/ വൃക്ഷം, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷമായിട്ട് പ്രഖ്യാപിക്കുന്നതിനുള്ള ബി.എം.സി. യുടെ പ്രൊപ്പോസൽ (തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതിയുടെ അനുമതിയോടുകൂടി), ബോർഡിന്റെ അനുമതിയ്ക്കായി സമർപ്പിക്കുക.

5. പ്രൊപ്പോസലിനോടൊപ്പം നിർദ്ദിഷ്ട പ്രദേശത്തിന്റെ അതിർത്തി നിർണ്ണയ സ്കെച്ച്, ഉടമസ്ഥാവകാശം സംബന്ധിക്കുന്ന റവന്യൂ രേഖകൾ, ഉടമയുടെ സമ്മതപത്രം, നിർദ്ദിഷ്ട പ്രദേശവുമായി ബന്ധപ്പെട്ട് കേസുകളൊന്നുമില്ലെന്നുള്ളതിന്റെ നോൺ ലയബിലിറ്റി സർട്ടിഫിക്കേറ്റ്, നിർദ്ദിഷ്ട പ്രദേശത്തെ പ്രാദേശിക ജൈവ വൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രദേശവാസികളുമായി പൊതുയോഗം നടത്തിയ




തിന്റെയോ ഗ്രാമസഭ കൂടിയതിന്റെയോ തീരുമാനം എന്നിവയും സമർപ്പിക്കേണ്ടതാണ്.

6. ബി.എം.സി. യുടെ പ്രൊപ്പോസൽ കെ.എസ്.ബി.ബി. വിലയിരുത്തിയശേഷം, അംഗീകാരം ലഭ്യമാക്കുന്നമുറയ്ക്ക്, നിർദ്ദിഷ്ട പ്രദേശം/ വൃക്ഷം, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷമായി, പ്രഖ്യാപിച്ചുകൊണ്ട് ബി.എം.സി.യ്ക്ക് ഉത്തരവിറക്കാവുന്നതാണ്.
7. പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷം പ്രഖ്യാപിച്ചുകൊണ്ടുള്ള ബി.എം.സി. ഉത്തരവിന്റെ പകർപ്പ് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ലഭ്യമാക്കുന്നതോടൊപ്പം, ജില്ലാ ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റി, ബന്ധപ്പെട്ട ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് ബി.എം.സി. കൾ, തദ്ദേശസ്വയംഭരണ വകുപ്പ്, പൊലീസ്, വനം വകുപ്പ് (റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ/ ഡി.എഫ്.ഒ. മാർ), റവന്യൂ, പൊതുമരാമത്ത്, പരിസ്ഥിതി, ജലവിഭവം, ജലസേചനം, മണ്ണുസംരക്ഷണം, കൃഷി, ഫിഷറീസ്, മൃഗസംരക്ഷണം, വിദ്യാഭ്യാസം, തുടങ്ങിയ വകുപ്പുകളുടെയും, ഹരിത കേരളം, കുടുംബശ്രീ, MNREGS, ശുചിത്വമിഷൻ, സാക്ഷരതാ മിഷൻ തുടങ്ങിയ മിഷനുകളുടെയും പ്രാദേശിക/ജില്ലാ ഉദ്യോഗസ്ഥർക്കും പകർപ്പ് നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.
8. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാരത്തോടുകൂടി, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ബി.എം.സി. ഉത്തരവിൻമേലുള്ള ഏതു തരത്തിലുള്ള ലംഘനത്തിനുമെതിരെ, 03.03.2020 ലെ സ.ഉ.(കൈ)

നം.5/2020/പരി. നമ്പർ ഉത്തരവിൽ പറയും പ്രകാരം ശിക്ഷാനടപടികൾ കൈക്കൊള്ളാവുന്നതാണ്.

9. 16.01.2019 ലെ സ.ഉ. (സാധാ)നം. 19/2019/വനം& വന്യജീവി. ഉത്തരവ് പ്രകാരം റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ ജൈവവൈവിധ്യ നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ, പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/വൃക്ഷമായി പ്രഖ്യാപിച്ചുകൊണ്ട് ബി.എം.സി. പാസാക്കുന്ന പ്രമേയത്തിന്മേലുള്ള ഏതൊരുതരത്തിലുള്ള നിയമലംഘനത്തിനെതിരെയും കേസ് ചാർജ്ജ് ചെയ്യുന്നതിന് ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സേവനവും, കേരള പൊലീസ് വകുപ്പിന്റെ 03.02.2020 ലെ 02/2020/PHQ നമ്പർ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരം ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥന്റെ സേവനവും വിനിയോഗിക്കാവുന്നതാണ്.



**പരിപാലനമാർഗ്ഗങ്ങൾ:**

1. പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/വൃക്ഷങ്ങളുടെ പരിപാലനം ബി.എം.സി. യുടെ മേൽനോട്ടത്തിലായിരിക്കണം നടപ്പിലാക്കേണ്ടത്. ബി.എം.സി. യുടെ അസാന്നിധ്യത്തിൽ 19.09.2019 ലെ സ.ഉ. (സാധാ.) നം. 2462/2018/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങളിൽ ജൈവവൈവിധ്യ പരിപാല

നത്തിനായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിനോ, തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട പ്രാദേശിക സ്ഥാപന ങ്ങൾക്കോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീ കാരത്തോടെ മേൽനോട്ടച്ചുമതല നൽകാവുന്നതാണ്.

2. മേൽ സൂചിപ്പിച്ച പ്രകാരം ബി.എം.സി. യുടെയും വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടത്തിൽ പ്രാദേശിക ജൈവവൈവിധ്യ പൈ തൃക കേന്ദ്ര പരിപാലന കമ്മിറ്റി പ്രാദേശികതലത്തിൽ രൂപീകരി ക്കേണ്ടതാണ്. പ്രാദേശിക പരിപാലന കമ്മിറ്റിയുടെ കൺവീനർ ബന്ധപ്പെട്ട വാർഡ് മെമ്പർ/ കൗൺസിലറും, തദ്ദേശസ്ഥാപന ത്തിന്റെ അധ്യക്ഷൻ പ്രസ്തുത കമ്മിറ്റിയുടെ അധ്യക്ഷനുമാകേ ണ്ടതാണ്.
3. പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷത്തിന്റെ പരിപാലനത്തിനായി, പൊതുജന പങ്കാളിത്തത്തോടെയുള്ള സംരക്ഷണ മാർഗ്ഗങ്ങളാവണം പരിപാലന കമ്മിറ്റിയുടെ നേതൃ ത്വത്തിൽ അവലംബിക്കേണ്ടത്.
4. ഭരണപരമായ അതിർത്തി തിരിച്ചുള്ള പ്രാദേശിക ജൈവവൈ വിധ്യ പൈതൃക കേന്ദ്രത്തിന്റെ ഭൂപടം, ഉടമസ്ഥാവകാശ വിവര ങ്ങൾ, നിലവിലെ ഭൂവിനിയോഗരീതി, സംരക്ഷണ പ്രവർത്തന ങ്ങൾ, വിശ്വാസങ്ങൾ, പ്രാദേശിക സമൂഹത്തിന്റെ ആശ്രയത്വം, എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിപാലന പദ്ധതി തയ്യാറാ ക്കുന്നതിന് അനിവാര്യമായതിനാൽ, പ്രാദേശിക പരിപാലന കമ്മിറ്റി മുഖേന ശേഖരിക്കേണ്ടതാണ്.
5. ജൈവവൈവിധ്യ പ്രാധാന്യമുള്ളതും, സമ്പന്നവുമായിട്ടുള്ള പ്രദേശങ്ങൾ/ ആവാസവ്യവസ്ഥകൾ പ്രാദേശിക ജൈവവൈ വിധ്യ പൈതൃക കേന്ദ്രങ്ങളായി സംരക്ഷിക്കുന്നതിലൂടെ തനത് ആവാസവ്യവസ്ഥകളുടെ സംരക്ഷണം, ജൈവവിഭവങ്ങളുടെ പരിപോഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, പ്രകൃതി വിഭവങ്ങളിന്മേലുള്ള അമിതചൂഷണവും, പാരിസ്ഥിതിക ശോഷ ണവും ഇല്ലാതാക്കുന്നതിനും സാധിക്കുമെന്ന് എല്ലാ വിഭാഗം ജനങ്ങളിലും അവബോധം ഉണ്ടാക്കുക.
6. പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപി ക്കുന്ന പ്രദേശങ്ങളിൽ അവിടുത്തെ ജനങ്ങളുടെയും, തൽപ്പര കക്ഷികളുടെയും നിയമപ്രകാരമുള്ളതും, പരമ്പരാഗതമായി

ട്ടുള്ള ആചാരാനുഷ്ഠാനങ്ങൾക്കും സുസ്ഥിരോപയോഗത്തിനും യാതൊരുവിധ തടസ്സവും ഉണ്ടാകുന്നതല്ല.

7. പ്രാദേശികമായിട്ടുള്ള സാമൂഹിക-പാരിസ്ഥിതിക സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടാവണം പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ പരിപാലന പദ്ധതികൾ ബി.എം.സി. കൾ തയ്യാറാക്കേണ്ടത്.
8. പരിപാലന പദ്ധതികളിൽ ഹ്രസ്വകാല പദ്ധതികളും, ദീർഘകാല പദ്ധതികളും ഉൾപ്പെടുത്തേണ്ടതാണ്.



9. പ്രദേശത്തെ പ്രധാന ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന വിവരങ്ങൾ, സ്ഥാനീയങ്ങൾ (Endemic species), വംശനാശ ഭീഷണി നേരിടുന്നവ, വംശനാശം സംഭവിക്കാവുന്നവ എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ ഉൾപ്പെടെ സമഗ്രമായ പഠനം (ടി.എസ്.ജി. യുടെയും പ്രാദേശികമായിട്ടുള്ള അക്കാദമിക/ ഗവേഷണ സ്ഥാപനങ്ങളുടെയോ, ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയോ മേൽനോട്ടത്തിൽ) നടത്തി പ്രസ്തുത പ്രദേശത്തിന്റെ/ വൃക്ഷത്തിന്റെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടതും, പ്രസ്തുത വിവരങ്ങൾ പി.ബി.ആറിൽ ചേർക്കേണ്ടതുമാണ്.
10. നിർദ്ദിഷ്ട പ്രദേശത്തെ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥകളെയും, ജീവജാലങ്ങളെയും വീണ്ടെടുക്കുന്നതിനും, പ്രാദേശികമായി വംശനാശ ഭീഷണി നേരിടുന്നതും, പ്രാദേശിക വംശനാശം സംഭവിച്ചതുമായിട്ടുള്ള വന്യജീവജാലങ്ങളിൽ സാധ്യമായവ വീണ്ടെടുക്കുന്നതിനും, സ്ഥാനീയ

മായിട്ടുള്ള സസ്യ-ജന്തുജാലങ്ങളെ സംരക്ഷിക്കുന്നതിനും, നഷ്ടപ്പെട്ടതും, കുറഞ്ഞു വരുന്നതുമായ വളർത്തുമൃഗങ്ങളിലെ വൈവിധ്യത്തെയും പുറമെ നിന്നും കൊണ്ടുവന്ന് പ്രദേശത്ത് ഉൾപ്പെടുത്തുന്നതിനു വേണ്ട കർമ്മ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്ക്കരിക്കേണ്ടതാണ്.

11. സംരക്ഷണത്തിനും, പ്രാദേശിക സമൂഹത്തിന്റെ ജീവിതനില വാരം മെച്ചപ്പെടുത്തുന്നതിനും, ജൈവവിഭവങ്ങളുടെ സുസ്ഥി രോപയോഗം ഉറപ്പാക്കുന്നതിനും പരിപാലന പദ്ധതിയിൽ പ്രാമുഖ്യം നൽകേണ്ടതാണ്. പ്രാദേശിക പരിസ്ഥിതി ഘടനയ്ക്ക നുസരിച്ച്, പ്രസ്തുത പദ്ധതികൾ ടി.എസ്.ജി. യുടെ സഹകരണ ത്തോടെ തയ്യാറാക്കാവുന്നതാണ്
12. നിർദ്ദിഷ്ട പ്രദേശത്തെ ജൈവവിഭവങ്ങളിന്മേൽ പ്രാദേശിക സമൂ ഹത്തിനുള്ള ആശ്രയത്വം കണക്കിലെടുത്തുകൊണ്ടാവണം,, അവയുടെ സുസ്ഥിരോപയോഗത്തിനായി പ്രത്യേകം പരിപാലന മാർഗ്ഗങ്ങൾ തയ്യാറാക്കേണ്ടതാണ്.
13. പരിപാലന പദ്ധതികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് ബി.എം.സി./ ജൈവവൈവിധ്യ പരിപാലന വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടത്തിൽ പ്രാദേശികമായി ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതാണ്.
14. പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ വൃക്ഷത്തിന്റെ പരിപാലനത്തിനായി നിശ്ചിത തുക തദ്ദേശസ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിലോ, കൃഷി, മൃഗസംരക്ഷണം, വനം, പരി സ്ഥിതി തുടങ്ങിയ അനുബന്ധ വകുപ്പുകളുടെ പദ്ധതിയിലോ വകയിരുത്തേണ്ടതാണ്.
15. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കുപരിയായി, ജൈവവൈവിധ്യ നിയമം, 2002 വകുപ്പ് 37, കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 19 എന്നിവ പ്രകാരം ജൈവവൈവിധ്യ പൈ തൃക കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള എല്ലാവിധ പരിപാലന മാർഗ്ഗങ്ങളും പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്ര ങ്ങൾക്കും ബാധകമാണ്.

**കേരള സർക്കാർ**

സംഗ്രഹം

പരിസ്ഥിതി വകുപ്പ് - പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സമ്പന്നമായിട്ടുള്ള പ്രദേശങ്ങൾ /ആവാസ വ്യവസ്ഥകൾ/വൃക്ഷങ്ങൾ എന്നിവയെ സംരക്ഷിക്കുന്നതിനായി 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷം' ആയി പ്രഖ്യാപിക്കുന്നതിന് ജൈവവൈവിധ്യ മാനേജിംഗ് കമ്മിറ്റികൾക്ക് (BMCs) അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2020/പരി തീയതി, തിരുവനന്തപുരം, 03/03/2020

പരാമർശം : 1) സ.ഉ.(സാധാ) നം.60/2018/പരി തീയതി 11-05-2018.

2) ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ 28-10-2019 ലെ മീറ്റിംഗിലെ 11-ാം നമ്പർ തീരുമാനം.

3) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 22-01-2020 ലെ കൺസർ/4075/2019/കെ.എസ്.ബി.ബി.നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി പരാമർശം (1) പ്രകാരം രൂപീകൃതമായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28-10-2019 ൽ ചേർന്ന പ്രസ്തുത കമ്മിറ്റിയുടെ രണ്ടാമത് യോഗത്തിൽ ജൈവവൈവിധ്യ മാനേജിംഗ് കമ്മിറ്റികൾക്ക്, ജൈവവൈവിധ്യ സമ്പന്ന പ്രദേശങ്ങളെ അതതു പ്രദേശത്തിന്റെ സംരക്ഷണത്തിന് പര്യാപ്തമാകും വിധത്തിലും അവിടത്തെ ജനങ്ങളുടെയും തല്പര കക്ഷികളുടേയും നിയമപ്രകാരമുള്ള ഉപയോഗത്തിന് ഭംഗം വരാതെയും പ്രാദേശിക ജൈവ വൈവിധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതിനും പരാമർശം (2) പ്രകാരം തീരുമാനി ക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക തലത്തിൽ ജൈവവൈവിധ്യ സമ്പന്നമായിട്ടുള്ള പ്രദേശങ്ങൾ/വൃക്ഷങ്ങൾ എന്നിവയുടെ സംരക്ഷണാർത്ഥം പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി പ്രഖ്യാപിക്കുന്ന തിനുള്ള അനുമതി ജൈവവൈവിധ്യ മാനേജിംഗ് കമ്മിറ്റികൾക്ക് (BMCs) നൽകണമെന്ന് പരാമർശം (3) പ്രകാരം ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുക യുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രാദേശിക ജൈവവൈവിധ്യ പ്രാധാന്യമുള്ളതും, ജൈവവൈവിധ്യ സമ്പന്നമായിട്ടുള്ളതുമായ പ്രദേശങ്ങൾ/ തനത് ആവാസ വ്യവസ്ഥകൾ/വൃക്ഷങ്ങൾ എന്നിവ കണ്ടെത്തി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ സഹായത്തോടെ പ്രാഥമിക ജൈവവൈവിധ്യ പഠനം നടത്തിയതിനുശേഷം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ശിപാർശയോടുകൂടി പ്രസ്തുത പ്രദേശം / വൃക്ഷം 'പ്രാദേശിക ജൈവവൈവിധ്യ

പൈതൃക കേന്ദ്രം/ പ്രാദേശിക ജൈവവൈവിധ്യ പൈതൃക വൃക്ഷം' ആയി പ്രഖ്യാപിക്കുന്നതിനുള്ള അനുമതി ജൈവവൈവിധ്യ മാനേജിംഗ് കമ്മിറ്റികൾക്ക് (BMCs) നൽകി സർക്കാർ ഉത്തരവാകുന്നു. ബി.എം.സി കൾ 'പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രം/ ജൈവവൈവിധ്യ പൈതൃക വൃക്ഷങ്ങളായി' പ്രഖ്യാപിച്ചുകൊണ്ട് പാസാക്കുന്ന പ്രമേയത്തിന്മേലുള്ള ഏതു തരത്തിലുള്ള ലംഘനത്തിനും ജൈവവൈവിധ്യ നിയമം, 2002 വകുപ്പ് 24(2), 55(2), 56 എന്നിവയിൽ അനുശാസിക്കും പ്രകാരം സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്. ജൈവവൈവിധ്യ നിയമം, 2002 വകുപ്പ് 37, കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 19 എന്നിവയിൽ അനുശാസിക്കും വിധം പ്രസ്തുത പ്രദേശം/വൃക്ഷം സംരക്ഷിച്ച് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വത്സ.വി**

**അഡീഷണൽ സെക്രട്ടറി**

To

1. ചെയർമാൻ/മെമ്പർ സെക്രട്ടറി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം.
2. ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്, തിരുവനന്തപുരം.
3. ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
4. ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
5. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**



ജൈവവൈവിധ്യ പൈതൃക വൃക്ഷം.
അയർക്കുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്